**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** **27-06-2022 - ൽ മറുപടിയ്ക്ക്**

**രജിസ്റ്റർ ചെയ്ത രോഗികൾക്ക് എൻ.സി.ഡി. മരുന്നുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രജിസ്റ്റർ ചെയ്ത രോഗികൾക്ക് എൻ.സി.ഡി. (നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ്) മരുന്നുകൾ അവർ താമസിക്കുന്ന തദ്ദേശ സ്വയംഭരണ പരിധിയിൽ ഉൾപ്പെടുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മാത്രമാണ് ഒരു മാസക്കാലയളവിലേക്ക് ലഭിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ വഴിയായിരുന്നു ജനങ്ങൾക്ക് വിതരണം ചെയ്തിരുന്നത്. ഓരോ പ്രദേശത്തെയും രോഗികളുടെ കണക്കുകൾ സൂക്ഷിക്കുന്നതിനും അവരുടെ ഫോളോ അപ്പ് ഉറപ്പാക്കുന്നതിനുമാണ് ഇത്തരത്തിൽ അതാത് തദ്ദേശസ്വയംഭരണ പ്രദേശത്തിന് കീഴിലുള്ള രോഗികൾക്ക് അവരുടെ സ്ഥാപനത്തിൽ മാത്രം മരുന്നുകൾ നൽകി വന്നിരുന്നത്. രോഗികളുടെ എണ്ണത്തിന് ആനുപാതികമായി മരുന്നുകൾ സംഭരിക്കുന്നതിന് ഇത് ഏറെ പ്രയോജനം ചെയ്തിരുന്നു. എന്നാൽ ഒരു ആരോഗ്യ കേന്ദ്രത്തിന്റെ ചുറ്റളവിൽപെടുന്നതും യാത്രാ സൗകര്യം കൂടുതലുമായുള്ള ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനങ്ങൾക്ക് കൂടുതൽ പ്രാപ്യമായ സേവനം ലഭിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്നു വിതരണം നൽകണമെന്ന ആവശ്യം പരിഗണിച്ച് കൊണ്ട് ഏത് ആരോഗ്യ കേന്ദ്രത്തിൽ നിന്നും രോഗികൾക്ക് മരുന്ന് സ്വീകരിക്കുന്നതിനുള്ള ഒരു മാർഗരേഖ ആരോഗ്യവകുപ്പ് 2017-18 ൽ പുറത്തിറക്കുകയുണ്ടായി. എന്നാൽ ഒരു രോഗിക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ആരോഗ്യ കേന്ദ്രത്തിൽ നിന്നു മാത്രമേ മരുന്ന് സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | താമസസ്ഥലത്തിന് സമീപത്തുള്ള മറ്റേതെങ്കിലും ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും എൻ.സി.ഡി. മരുന്നുകൾ വാങ്ങിയാൽ പത്ത് ദിവസത്തേക്ക് മാത്രം നൽകുന്നുവെന്നതിനാൽ രജിസ്റ്റർ ചെയ്ത രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഇത് ഒരു മാസക്കാലയളവിലേക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ? | (ബി) | എല്ലാ രോഗികൾക്കും തദ്ദേശസ്വയംഭരണസ്ഥാപന ഭേദമന്യേ ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ നിന്നും എൻസിഡി മരുന്നുകൾ വാങ്ങുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികൾക്ക് ഒരു പാസ് ബുക്ക് നൽകുകയും ഒരു മാസത്തേക്കുള്ള മരുന്ന് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ ഒരു സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗിക്ക് മറ്റൊരു ആരോഗ്യ കേന്ദ്രത്തിൽ |

| | | | |
|---|---|---|---|
| | | | അത്യാവശ്യഘട്ടങ്ങളിൽ പോകേണ്ടി വരുകയാണെങ്കിൽ പത്ത് ദിവസത്തേക്കുള്ള മരുന്നുകളാവും അവിടെ നിന്ന് നൽകുന്നത്. മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അതിന്റെ ദുരുപയോഗം തടയുന്നതിനുമാണ് ഇത്തരത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ താമസസ്ഥലത്തിന് സമീപത്തുള്ള ഏത് ആരോഗ്യകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്താലും അവർക്ക് ഒരു മാസത്തേക്കുള്ള മരുന്നുകൾ നിർബന്ധമായും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ